പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2241 **27-10-2026-ൽ മറുപടിയ്ക്ക്**

വൈറ്റിലയിൽ പുതിയ പോലീസ് സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൊച്ചി നഗരത്തിലെ പ്രധാന കേന്ദ്രമായ വൈറ്റിലയിലും പരിസരപ്രദേശങ്ങളിലും വർധിച്ചുവരുന്ന ജനവാസം, വാഹനത്തിരക്ക്, കുറ്റകൃത്യങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് വൈറ്റില കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

മറുപടി: എറണാകുളം സിറ്റി പരിധിയിലെ പാലാരിവട്ടം, മരട് പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി ശാസ്ത്രീയമായി പുനക്രമീകരിച്ച്, വൈറ്റില കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തൃക്കാക്കര എം.എൽ.എ. സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്ത് തുടർ നടപടികൾക്കായി എറണാകുളം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ